# <u>സ്റ്റുഡന്റ് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ്</u>

**To,**

**ബഹുമാനപ്പെട്ട ഐ. റ്റി @സ്കൂൾ ജില്ലാ കോർഡിനേറ്റർ, മാസ്റ്റർ ട്രെയിനർ, ഹെഡ്മാസ്റ്റർ/പി. റ്റി. എ. പ്രസിഡന്റ്,**

**സ്കൂൾ ഐ. റ്റി കോർഡിനേറ്റർ,**

സർ,

വിഷയം: **<u>എല്ലാ പത്താം ക്ലാസ്സ് വിദ്യാർത്ഥികൾക്കും ഓൺലൈൻ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് നടത്തുന്നതു സംബന്ധിച്ച്.</u>**

നമ്മുടെ കുട്ടികൾ ഇപ്പോൾ പത്താം ക്ലാസ്സ് പരീക്ഷയ്ക്ക് തയ്യാറെടുക്കുകയാണല്ലോ. പത്താംക്ലാസ്സിനു ശേഷം എന്തു പഠിക്കണം എന്നതാണ് എല്ലാ വിദ്യാർത്ഥികളും ഒരുപോലെ ചിന്തിക്കുന്ന കാര്യം. വികസിതരാജ്യങ്ങളിൽ ഉപരിപഠനത്തിനു മുമ്പായി വിദ്യാർത്ഥികളുടെ അഭിരുചി ശാസ്ത്രീയമായി വിലയിരുത്തുന്ന അഭിരുചി പരീക്ഷ നിലവിലുണ്ട്. സംസ്ഥാനവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജിയിലും ഇന്ന് വിദ്യാർത്ഥികളുടെ അഭിരുചി പരീക്ഷ നടത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

വിദ്യാർത്ഥിയുടെ കഴിവിനും താൽപര്യങ്ങൾക്കും അനുസരിച്ച് ഏറ്റവും അനുയോജ്യമായ ഉപരിപഠന മേഖല തിരഞ്ഞെടുക്കുന്നതിന് ശാസ്ത്രീയമായ സംവിധാനം ഒരുക്കുക എന്നതാണ് അഭിരുചി പരീക്ഷയുടെ ലക്ഷ്യം.

എസ്.ഐ.ഇ.ടി യുടെ **www.sietkerala.gov.in** എന്ന വെബ്പോർട്ടൽ വഴി ഓൺലൈനായാണ് അഭിരുചി പരീക്ഷ നടത്തുന്നത്.

സ്കൂൾ പരീക്ഷയിലെ മാർക്ക് അനുസരിച്ച് ഉപരിപഠന മേഖല തിരഞ്ഞെടുക്കുന്ന പരമ്പരാഗത രീതിക്കു പകരം വിദ്യാർത്ഥിയുടെ മാനസിക, ബൗദ്ധികശേഷി വിലയിരുത്തി ഏതു മേഖലയിലേക്കു തിരിച്ചു വിടണമെന്ന് നിർദ്ദേശിക്കുന്നു എന്നതാണ് ഈ പരീക്ഷയുടെ പ്രാധാന്യം. പങ്കെടുക്കുന്ന ഓരോരുത്തരുടെയും ചിന്താശേഷി, പഠനശേഷി, ഭാഷാശേഷി, ഓർമ്മശക്തി, ഭാവന, വ്യക്തിത്വ സവിശേഷതകൾ തുടങ്ങിയവ വിലയിരുത്തി തയ്യാറാക്കുന്ന വിശദമായ റിപ്പോർട്ട് വിദ്യാർത്ഥികൾക്ക് ഇ–മെയിലായി അയച്ചു നൽകും. വിദ്യാഭ്യാസ വിദഗ്ദ്ദർ, മനശ്ശാസ്ത്രവിദഗ്ധർ, കരിയർ വിദഗ്ധർ എന്നിവർ ചേർന്ന് ശാസ്ത്രീയമായാണു റിപ്പോർട്ട് തയ്യാറാക്കുക.

ഇംഗ്ലീഷിലോ, മലയാളത്തിലോ പരീക്ഷ എഴുതാം. ഒന്നര മണിക്കൂറാണു പരീക്ഷാസമയം. ഒരു വിദ്യാർത്ഥിക്ക് 100 രൂപയാണു ഫീസ്. സ്വകാര്യ ഏജൻസികൾ വലിയ ഫീസ് ഈടാക്കി നടത്തുന്ന അഭിരുചി പരീക്ഷയാണ് എസ്.ഐ.ഇ.ടി 100 രൂപയ്ക്ക് നടത്തുന്നത്. **അഭിരുചി പരീക്ഷയിൽ അൻപതിലധികം വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്ന ഓരോ സ്കൂളിനും ഇ–ലേണിംഗ് പ്രോത്സാഹിപ്പിക്കുന്നതിനായി 20 സി. ഡികൾ അടങ്ങിയ നാലായിരം രൂപാ MRP ഒരു സി. ഡി കിറ്റ് എസ്. ഐ. ഇ. ടി സൗജന്യമായി നൽകുന്നതാണ്. ഈ സൗജന്യം ആദ്യം രജിസ്റ്റർ ചെയ്യുന്ന 500 സ്കൂളുകൾക്ക് മാത്രം.**

കേരളത്തിലെ ഗവൺമെന്റ്, എയിഡഡ്, അൺ എയിഡഡ് സ്കൂളുകളിൽ പത്താം ക്ലാസ്സിൽ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികളേയും ഓൺലൈൻ അഭിരുചി പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതിനുള്ള സത്വര നടപടികൾ അതാത് സ്കൂൾ ഐറ്റി കോർഡിനേറ്റർ സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുന്നു.

**സ്നേഹപൂർവ്വം**

**ഡയറക്ടർ,**
ഐ.റ്റി@സ്കൂൾ & എസ്.ഐ.ഇ.ടി,
0471 – 2338541, 2338540

തിരുവനന്തപുരം
10/01/2014

# ഓൺലൈൻ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റിൽ
# പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി (എസ്.ഐ.ഇ.ടി) ഹൈസ്കൂൾ-ഹയർസെക്കണ്ടറി വിദ്യാർത്ഥികൾക്കു വേണ്ടി നടപ്പിലാക്കുന്ന പദ്ധതിയാണ് ഓൺലൈൻ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ്.

2.വിദ്യാർത്ഥികളുടെ ജന്മസിദ്ധമായ താൽപര്യം, അഭിരുചി, വ്യക്തിത്വ സവിശേഷതകൾ എന്നിവ കണ്ടെത്തുന്നതിനുള്ള ശാസ്ത്രീയമായ സംവിധാനമാണ് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ്.

3.ഈ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റിൽ പങ്കെടുക്കുന്ന വിദ്യാർത്ഥിയുടെ അഭിരുചി കണ്ടെത്തി അനുയോജ്യമായ ഉപരിപഠനമേഖല ശുപാർശ ചെയ്യുക എന്നതാണ് ടെസ്റ്റ് ലക്ഷ്യമിടുന്നത്.

4.സ്കൂൾ - കോളേജ് വിദ്യാർത്ഥികൾക്ക് **100 രൂപ പരീക്ഷ ഫീസ് നൽകി ടെസ്റ്റിൽ പങ്കെടുക്കാവുന്നതാണ്**

**5.ടെസ്റ്റിൽ പങ്കെടുക്കാൻ താൽപര്യമുള്ള വിദ്യാർത്ഥികൾ Director, SIET, Thycaud P.O, Thiruvananthapuram എന്ന അഡ്രസ്സിൽ തിരുവനന്തപുരം SBI Althara Branch മാറാവുന്ന Demand Draft ആയി ഫീസ് അടയ്ക്കാവുന്നതാണ്.**

6. **ഡിമാന്റ് ഡ്രാഫ്റ്റ് ഡയറക്ടർ എസ്.ഐ.ഇ.ടി യുടെ അഡ്രസിൽ അയച്ചു നൽകേണ്ടതാണ്.** വിദ്യാർത്ഥിയുടെ അഡ്രസ്സ്, ബന്ധപ്പെടേണ്ട ഫോൺ നമ്പർ, വിദ്യാർത്ഥിയുടെ/ രക്ഷകർത്താവിന്റെ ഇ-മെയിൽ അഡ്രസ് എന്നീ വിവരങ്ങൾ sietaptitude@gmail.com എന്ന അഡ്രസ്സിൽ ഇ-മെയിൽ ചെയ്യേണ്ടതുമാണ്.

7.ഇ-മെയിൽ എസ്.ഐ.ഇ.ടി യിൽ ലഭിച്ച് മൂന്ന് ദിവസത്തിനകം ആപ്റ്റിറ്റ്യൂഡ് ടെസ്റ്റിനുള്ള രജിസ്ട്രേഷൻ പൂർത്തിയാക്കി വിദ്യാർത്ഥിക്ക് ടെസ്റ്റിൽ പങ്കെടുക്കുന്നതിനുള്ള യൂസർനെയിമും പാസ്‌വേർഡും വിദ്യാർത്ഥിയുടെ ഇ-മെയിലിൽ അയച്ചു നൽകുന്നതാണ്.

8. www.sietkerala.gov.in എന്ന എസ്.ഐ.ഇ.ടി യുടെ വെബ് പോർട്ടൽ വഴി ഓൺലൈനായാണ് ടെസ്റ്റ് നടത്തുന്നത്.

9. ഒന്നര മണിക്കൂറാണ് ഓൺലൈൻ പരീക്ഷയുടെ ദൈർഘ്യം. ഓരോ ചോദ്യത്തിനും ശരിയുത്തരം രേഖപ്പെടുത്താൻ നാല് ഓപ്ഷനുകൾ ഉണ്ടാകും.

10.ടെസ്റ്റിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ www.sietkerala.gov.in എന്ന പോർട്ടൽ അഡ്രസ്സ് ടൈപ്പ് ചെയ്ത് വെബ്പോർട്ടൽ ഓപ്പൺ ചെയ്ത ശേഷം ഹോം പേജിൽ കാണുന്ന Aptitude Test എന്ന മെനുവിൽ ക്ലിക്ക് ചെയ്യുക.

11.അപ്പോൾ ഇംഗ്ലീഷ് / മലയാളം എന്നിങ്ങനെ ടെസ്റ്റിൽ പങ്കെടുക്കുന്നതിനുള്ള ഭാഷ തിരഞ്ഞെടുക്കുന്നതിനുള്ള ഓപ്ഷൻ കാണാം. ടെസ്റ്റിൽ പങ്കെടുക്കുന്നവരുടെ സൗകര്യാർത്ഥം ഇംഗ്ലീഷിലോ, മലയാളത്തിലോ ടെസ്റ്റിൽ പങ്കെടുക്കാം.

12. ലാംഗ്വേജ് ഓപ്ഷൻ മെനുവിൽ ക്ലിക്ക് ചെയ്യുമ്പോൾ എസ്.ഐ.ഇ.ടി നൽകിയിട്ടുള്ള യൂസർനെയിമും പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്യുന്നതിനുള്ള പേജിലേക്ക് കടക്കും. നിർദ്ദിഷ്ഠ കോളത്തിൽ അവ എൻറർ ചെയ്താണ് ടെസ്റ്റിലേയ്ക്ക് പ്രവേശിക്കേണ്ടത്.

13. ലോഗിൻ ചെയ്യുമ്പോൾ ഓൺലൈൻ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റിൽ പങ്കെടുക്കുന്ന വിദ്യാർത്ഥിയുടെ വ്യക്തിഗത വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള പുതിയ പേജിലേയ്ക്ക് കടക്കും ഈ രജിസ്ട്രേഷൻ പേജിൽ വിദ്യാർത്ഥിയുടെ പേര് , ഇ-മെയിൽ അഡ്രസ്സ്, പഠിക്കുന്ന ക്ലാസ്സ്, സിലബസ് ,ടെസ്റ്റിന് തിരഞ്ഞെടുക്കുന്ന ഭാഷ (ഇംഗ്ലീഷ്/മലയാളം) എന്നീ വിവരങ്ങൾ ടൈപ്പ് ചെയ്യുന്നതിനുള്ള കോളങ്ങൾ കാണാം. മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തിയതിനു ശേഷം ഇതേ പേജിനു താഴെ കാണുന്ന Submit എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യണം.

14 തുടർന്നു വരുന്ന പേജിൽ ടെസ്റ്റിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ അറിഞ്ഞിരിക്കേണ്ട പൊതു നിർദ്ദേശങ്ങളും ശ്രദ്ധിക്കേണ്ട വിവരങ്ങളും നൽകിയിട്ടുണ്ട്. ടെസ്റ്റ് ആരംഭിക്കുന്നതിനു മുൻപ് നിർദ്ദേശങ്ങൾ ശ്രദ്ധയോടെ വായിക്കുക.

15. ഓൺലൈൻ ടെസ്റ്റിനെ ആപ്റ്റിറ്റ്യൂഡ് , ഇന്ററസ്റ്റ് ,പേഴ്സണാലിറ്റി എന്നിങ്ങനെ മൂന്ന് ഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. പൊതു നിർദ്ദേശങ്ങൾക്കു താഴെ ഇവയുടെ മൂന്നു ലിങ്കുകൾ കാണാം.

16.ടെസ്റ്റ് ഏതുക്രമത്തിൽ പൂർത്തീകരിക്കണമെന്ന് വിദ്യാർത്ഥിക്ക് തീരുമാനിക്കാം. ഓരോ ടെസ്റ്റിലേയും ചോദ്യങ്ങൾക്കു നൽകി

യിരിക്കുന്ന നാല് ഉത്തരങ്ങളിൽ വിദ്യാർത്ഥിയ്ക്ക് ശരിയെന്നു തോന്നുന്ന ഉത്തരത്തിൽ ക്ലിക്ക് ചെയ്താൽ മതിയാകും.

17. മൂന്നു ടെസ്റ്റുകളും പൂർത്തിയാക്കിയ ശേഷം signout ചെയ്യണം.

18. ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് കഴിഞ്ഞ് പത്ത് ദിവസത്തിനകം വിദ്യാർത്ഥിയുടെ അഭിരുചി താത്പര്യം എന്നിവ അടിസ്ഥാനമാക്കിയുള്ള ഉന്നത വിദ്യാഭ്യാസം നിർദ്ദേശിക്കുന്ന 14 പേജുകൾ അടങ്ങുന്ന വിശദമായ റിപ്പോർട്ട് വിദ്യാർത്ഥിയുടെ ഇ-മെയിൽ അഡ്രസ്സിൽ എസ്.ഐ.ഇ.ടി അയച്ചു നൽകുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് www.sietkerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ എസ്.ഐ.ഇ.ടി യുടെ ഓഫീസുമായി ബന്ധപ്പെടുകയോ ചെയ്യുക നമ്പർ **0471 2338541, 2338540**

OR

ഇ-മെയിൽ :- sietaptitude@gmail.com

1. ഒരു സ്കൂളിൽ നിന്നും ടെസ്റ്റിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ ഫീസ് ഒന്നിച്ച് ഡി.ഡി. അടച്ച് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റിന് രജിസ്റ്റർ ചെയ്യാവുന്നതാണ്.

2.വിദ്യാർത്ഥികൾക്ക് സ്വന്തമായി ഫീസടച്ചും ടെസ്റ്റിൽ പങ്കെടുക്കാവുന്നതാണ്.

3.വിദ്യാർത്ഥികൾക്ക് സ്കൂളിലിരുന്നോ, വീട്ടിലിരുന്നോ ഇന്റർനെറ്റ് വഴി ടെസ്റ്റിൽ പങ്കെടുക്കാവുന്നതാണ്.

4.ടെസ്റ്റിൽ പങ്കെടുക്കാൻ താൽപര്യമുള്ള വിദ്യാർത്ഥികൾ 2014 ഫെബ്രുവരി 20 നു മുമ്പായി ഫീസടച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

5.ഫെബ്രുവരി 20 നുമുമ്പായി ഫീസടച്ച് രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് 2014 ഏപ്രിൽ 30 വരെ ടെസ്റ്റിൽ പങ്കെടുക്കുന്നതിന് അവസരം നൽകുന്നതാണ്.

**ഡോ. ബാബു സെബാസ്റ്റ്യൻ**
ഡയറക്ടർ
ഐ.ടി@സ്കൂൾ & എസ്.ഐ.ഇ.ടി

# Open Student Instruction Sheet

**Step 1-** Please go to

http://www.sietkerala.gov.in/

Once you are here click on the Aptitude Test link. This will redirect you to an external website

**Step 2-** On this new website fill in the Username and Password provided to you.

Username-

Password-

**Step 3-** Fill in your information in the registration form.

In this form you will be asked to enter your email address.

Fill in as much information as you can on the registration form.

In the subject section please type all the subjects you have chosen

If you do not have a mobile number please enter your parents number or any landline number

**Step 4-** Once you have finished the registration form you will be taken to the test.

Begin taking the test.

**Step 5-** Your report will be available within 5 working days of you taking the test.

You will receive an email notification that your report has been uploaded

To access the report simply go back to the link and re enter your username and password.

You will then be able to access your report. You will also be able to download a pdf of the report.